# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *145** 06.03.2020 -ലെ മറുപടിയ്ക്ക്

**സർവ്വകലാശാലകളുടെ പ്രവർത്തന മികവ് ഉയർത്തുവാൻ നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ആർ. രാജേഷ്<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. കെ.ഡി. പ്രസേനൻ | ഡോ.കെ.ടി.ജലീൽ<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) |

| | | | |
| --- | --- | --- | --- |
| (എ) | സർവ്വകലാശാലകളുടെ പ്രവർത്തന മികവ് ഉയർത്തുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട സേവനങ്ങളെല്ലാം സമയബന്ധിതമായും സുതാര്യമായും ലഭ്യമാക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്താനുള്ള പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ; | (എ) | നിലവിൽ വിവിധ സർവ്വകലാശാലകളുടെ പല സേവനങ്ങളും ഓൺലൈനിൽ ലഭ്യമാണ്. കൂടുതൽ സേവനങ്ങൾ ഓൺലൈൻ മുഖാന്തിരം നൽകുന്നതിന് സർവ്വകലാശാലകൾ നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | ബിരുദ, ബിരുദാനന്തര ബിരുദ ക്ലാസുകൾ ഏകീകൃത രീതിയിൽ ജൂൺ മാസത്തിൽത്തന്നെ ആരംഭിക്കാനും പരീക്ഷകൾ കൃത്യമായി നടത്തി യഥാസമയം ഫലം പ്രസിദ്ധീകരിക്കാനും ആവശ്യമായ നടപടിയെടുത്തിട്ടുണ്ടോ; | (ബി) | നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | സർവ്വകലാശാലകളിൽ മതിയായ ജീവനക്കാരെ നിയമിക്കാൻ സ്വീകരിച്ച നടപടി വിശദീകരിക്കാമോ; | (സി) | സർവ്വകലാശാലയിലെ അനധ്യാപക ജീവനക്കാരുടെ ഒഴിവുകൾ യഥാസമയം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സിയിൽ നിന്നുമുള്ള നിയമന |

| | | | |
|---|---|---|---|
| | | | ശുപാർശയുടെ മുറയ്ക്ക് നിയമനം നൽകിയും വരുന്നു. |
| (ഡി) | അന്താരാഷ്ട്ര തലത്തിൽ ഉണ്ടാകുന്ന മാറ്റങ്ങളോട് കിടപിടിക്കുന്നതിന് സിലബസിൽ അടിക്കടി ആവശ്യമാകുന്ന പരിഷ്കരണം നടത്താൻ ഇടപെടൽ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | കാലാനുസൃതമായ മാറ്റങ്ങൾ ഉൾപ്പെടുത്തി സർവ്വകലാശാലകളിൽ സിലബസ് പരിഷ്കരണം നടത്തി വരുന്നുണ്ട്. കരിക്കുലം ഫ്രെയിം വർക്കിൽ, വൈജ്ഞാനിക രംഗത്തെ പുതിയ അറിവുകൾ കൂടി ഉൾപ്പെടുത്തികൊണ്ടുള്ള പാഠ്യപദ്ധതികൾ രൂപീകരിക്കാൻ ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സർവ്വകലാശാലകൾക്ക് പരിശീലനം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.